പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2131** 06.10.2016- ൽ മറുപടിക്ക്

**നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. രാജു എബ്രഹാം** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) | നബാർഡിന്റെ RIDF-XXI - ലുൾപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുള്ള പദ്ധതികളിൽ പത്തനംതിട്ട ജില്ലയിൽ നിന്നുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് തുക സഹിതം വ്യക്തമാക്കുമോ; | (എ) | നബാർഡിന്റെ RIDF-XXI – ലുൾപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുള്ള പദ്ധതികളിൽ പത്തനംതിട്ട ജില്ലയിൽ നിന്നുള്ള പ്രവൃത്തികൾ ഒന്നും ഉൾപ്പെട്ടിട്ടില്ല. |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ നബാർഡിന് സമർപ്പിക്കുന്നതിനായി ധനകാര്യവകുപ്പിൽ നൽകിക്കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | നബാർഡിന്റെ ആർ.ഐ.ഡി.എഫ് XXII സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും **വിഭാഗം** ചീഫ് എഞ്ചിനീയർ സമർപ്പിച്ച പദ്ധതികളിൽ 159.80 കോടി രൂപയുടെ പദ്ധതികൾ ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടുണ്ട്. 18 കോടി രൂപയുടെ പദ്ധതികൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | RIDF-XX-ലുൾപ്പെട്ടിരുന്നതും എന്നാൽ പണമനുവദിച്ചിട്ടും നിർമ്മാണം ഇതേവരെ ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; ഇവയുടെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | 7 എണ്ണം. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ഡി) | ടെൻഡർ ഓപ്പൺ ചെയ്ത പ്രവൃത്തികളുടെ എഗ്രിമെന്റ് വയ്ക്കാൻ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | ടെൻഡർ ഓപ്പൺ ചെയ്ത പദ്ധതികൾക്ക് ടെണ്ടർ അനുമതി ലഭിച്ചതിനു ശേഷം മാത്രമേ എഗ്രിമെന്റ് വയ്ക്കാൻ അനുവദിക്കാറുള്ളൂ. |

| | | | |
|---|---|---|---|
| (ഇ) | 5 കോടിയിൽ കൂടുതൽ തുകയുള്ള പ്രവൃത്തികളുടെ ടെൻഡർ അംഗീകരിക്കുന്നതിന് സർക്കാർ ടെൻഡർ കമ്മിറ്റി കൂടേണ്ടതുണ്ടോ; ആരൊക്കെയാണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ; ഏറ്റവും ഒടുവിൽ ഈ കമ്മിറ്റി ചേർന്നത് എന്നാണ്; | (ഇ) | ഉണ്ട്. 24.08.2015-ലെ സ:ഉ (അച്ചടി) നം. 375/2015/ധന ഉത്തരവ് പ്രകാരം 5 കോടി മുതൽ 10 കോടി വരെ തുകയുള്ള പ്രവൃത്തികളുടെ ടെണ്ടർ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയും 10 കോടി രൂപയിൽ കൂടുതൽ തുകയുള്ള പ്രവൃത്തികളുടെ ടെണ്ടർ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുമാണ് അംഗീകരിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയിൽ ചീഫ് എഞ്ചിനീയർമാർ, ചീഫ് ആർക്കിടെക്റ്റ്, ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ എന്നിവർ അംഗങ്ങളാണ്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ടെണ്ടർ കമ്മിറ്റിയിൽ പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരും അതാത് വകുപ്പ് സെക്രട്ടറിമാരും അംഗങ്ങളാണ്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ടെണ്ടർ കമ്മിറ്റി 13.06.2016-ലാണ് ഏറ്റവും ഒടുവിലായി ചേർന്നത്. |
| (എഫ്) | എത്ര പ്രവൃത്തികളുടെ ടെൻഡർ ആണ് ഇങ്ങനെ ടെൻഡർ കമ്മിറ്റി കൂടാത്തതിന്റെ പേരിൽ അംഗീകാരം നൽകാതിരിക്കുന്നതെന്നും അവ ഏതൊക്കെയെന്നും അറിയിക്കുമോ; ഈ ഓരോ പ്രവൃത്തികളുടെയും ടെൻഡർ ഓപ്പൺ ചെയ്ത് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്തയാളെ സെലക്ട് ചെയ്ത് ടെൻഡർ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; | (എഫ്) ഉം (ജി) യും | നിലവിൽ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയ്ക്കായുള്ള 4 പ്രവൃത്തികളും, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയ്ക്കായുള്ള 16 പ്രവൃത്തികളുടെയും ശുപാർശയിന്മേലാണ് തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുള്ളത്. ആയത് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. 13.06.2016-ൽ കൂടിയ ചീഫ് സെക്രട്ടറിതല ടെണ്ടർ കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിലുണ്ടായ ഭരണപരമായ താമസം മൂലമാണ് തുടർ കമ്മിറ്റി കൂടുവാൻ സാധിക്കാതിരുന്നത്. നിലവിൽ സർക്കാരിന്റെ പരിഗണനയിലുള്ള ടെണ്ടർ ശുപാർശകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച ടെണ്ടർ കമ്മിറ്റികൾ 06.10.2016-ൽ ചേരുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്. |
| (ജി) | ഇവയ്ക്ക് അടിയന്തരമായി അംഗീകാരം നൽകാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്